പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 235          26-09-2011 -ൽ മറുപടിക്ക്

## കള്ളിന്റെ ഗുണമേന്മ പരിശോധന

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. റ്റി. യു. കുരുവിള :<br>" മോൻസ് ജോസഫ് : | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ കള്ള്ചെത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | മലപ്പുറം മദ്യദുരന്തത്തെ തുടർന്ന്, എക്സൈസ് വകുപ്പ്, വ്യാജക്കള്ളിനെതിരെ കൈക്കൊണ്ടിട്ടുള്ള ശക്തമായ നടപടികളെ തുടർന്ന് ചില ജില്ലകളിൽ ലൈസൻസികൾ കള്ളുഷാപ്പുകൾ അടച്ചിടുകയുണ്ടായി. കള്ള് ഷാപ്പുകൾ ഏറ്റെടുത്ത് നടത്തുവാൻ ആളില്ലാതെ വരുന്ന സാഹചര്യത്തിൽ K.T.W.W. കോൺട്രിബ്യൂഷൻ (ഒരു മാസത്തെ വേതനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും തുല്യമായ തുക) അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി തൊഴിലാളിക്കമ്മറ്റികൾക്ക് നൽകുവാൻ സർക്കാർ തീരുമാനിച്ചിരുന്നു. ട്രേഡ് യൂണിയനുകളുടെ അഭ്യർത്ഥന പ്രകാരം ചില സ്ഥലങ്ങളിൽ റേഞ്ചടിസ്ഥാനത്തിൽ കള്ള് ഷാപ്പ് വില്പന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കള്ള് ഷാപ്പ് അടഞ്ഞ് കിടന്നതിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് 2000/- രൂപ അടിയന്തിര സഹായം നൽകി. |
| (സി) | കള്ളിന്റെ ഗുണമേന്മ പരിശോധിച്ച് ശുദ്ധമായ കള്ള് ലഭിക്കുന്നതിലേക്ക് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (സി) | കള്ളു ഷാപ്പുകളിൽ നിരന്തരം പരിശോധന നടത്തി, സാമ്പിളുകൾ ശേഖരിച്ച്, വിൽക്കുന്ന കള്ളിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നു. കള്ളിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എല്ലാ ജില്ലകളിലും മൊബൈൽ ലാബുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സമീപകാലത്ത് തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവന്ന് ഇവിടത്തെ ഷാപ്പുകളിൽ വിൽപന നടത്തിയ കള്ളിൽ നിന്നും മഞ്ഞപ്പിത്തം പടർന്നുപിടിക്കാൻ കാരണമായിട്ടുണ്ടെന്ന് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | അന്തർ സംസ്ഥാന കള്ള് പെർമിറ്റ് സർക്കാർ അനുവദിച്ചിട്ടില്ല. എന്നാൽ അന്തർ ജില്ലാ കള്ള് കടത്ത് പെർമിറ്റ് മുഖേന കൊണ്ടു വരുന്ന കള്ളിൽ നിന്നും മഞ്ഞപ്പിത്തം പടർന്നു പിടിക്കാൻ സാധ്യത കാണുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ഇ) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച്, വേണ്ടി വന്നാൽ കള്ള് കടത്ത് തൽക്കാലം നിർത്തി വയ്ക്കാൻ നടപടി സ്വീകരിക്കും. |
| (എഫ്) | കള്ളിന്റെ സാമ്പിൾ പരിശോധിക്കുമ്പോൾ ആൽക്കഹോളിന്റെ അളവ് മാത്രം പരിശോധിക്കുന്നതിന് പുറമെ മറ്റ് കെമിക്കൽ പരിശോധനകൾ കൂടി നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എഫ്) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ